നം. ബി 2 –5396/2007

ജോയിന്റ് കമ്മീഷണറുടെ കാര്യാലയം,
സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ടാക്സ്ടവേഴ്സ്, കരമന, തിരുവനന്തപുരം
tvmdc.ctd@kerala.gov.in
Ph:0471-2785026
തീയതി- 27/10/2020

## ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മിറ്റി ഒക്ടോബർ 2020

2020 ഒക്ടോബർ മാസത്തെ ജില്ലാതല ജി.എസ്.ടി ഫെസിലിറ്റേഷൻ കമ്മിറ്റിയോഗം ഒക്ടോബർ7ാം തീയതി ബുധനാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ഗൂഗിൾ മീറ്റ് വഴി നടത്തുകയുണ്ടായി. ജില്ലാതല ജോയിന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പങ്കെടുത്ത വ്യാപാരി പ്രതിനിധികളേയും വകുപ്പ് പ്രതിനിധികളേയും ജോയിന്റ് കമ്മീഷണർ സ്വാഗതം ചെയ്തു. മുൻ യോഗത്തിന്റെ മിനുട്സ് വായിക്കുകയും അതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ എടുത്ത നടപടികൾ വിശദീകരിക്കുകയുമുണ്ടായി.

**പങ്കെടുത്ത വകുപ്പ് പ്രതിനിധികൾ**

1. ശ്രീ. മനു.ബി, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം. ,
2. ശ്രീ. സജിത്ത് പി.എസ്, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.
3. ശ്രീ. അജിൽ കുമാർ എ.സ് .വി , സ്റ്റേറ്റ് ടാക്സ് ഓഫീസർ, വർക്ക്സ് കോൺട്രാക്റ്റ്, തിരുവനന്തപുരം.
4. ശ്രീ.ഷൈൻ എസ് , ഡെപ്യൂട്ടി കമ്മീഷണർ, തിരുവനന്തപുരം.
5. ശ്രീ. സാബുകുമാർ, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.
6. ശ്രീ. സുരേഷ്, സെൻട്രൽ ജി.എസ്.ടി

**പങ്കെടുത്ത വ്യാപാരി പ്രതിനിധികൾ**

| | | |
|---|---|---|
| 1. | ശ്രീ വൈ. വിജയൻ | – കെ.വി.വി ഇ.എസ് |
| 2. | ശ്രീ. വർഗ്ഗീസ്.വി.കെ | – കെ.എസ് .എസ്,ഐ.എ |
| 3. | ശ്രീ. രാമകൃഷ്ണൻ ടി.എസ് | – ടി.സി.സി.ഐ |
| 4. | ശ്രീ.വിജയനാചാരി.എസ് | – കെ.ടി.പി.എ |
| 5. | ശ്രീ.രോഹിത് നായർ | – |
| 6. | ശ്രീ. അജിത്ത് പൂർണിമ | |

യോഗ നടപടിക്രമങ്ങൾ 3 മണിക്കു തന്നെ ആരംഭിച്ചു. കഴിഞ്ഞ യോഗത്തിൽ സ്വീകരിച്ച നടപടികൾ ജോയിന്റ് കമ്മീഷണർ വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി. ജി.എസ്.ടി യിൽ പുതുതായി വന്ന മാറ്റങ്ങളെക്കുറിച്ച് ശ്രീ അജിൽകുമാർ എസ്.വി, അസിസ്റ്റന്റ് സ്റ്റേറ്റ്ടാക്സ് ഓഫീസർ വിശദീകരിച്ചു. സെപ്റ്റംബർ മാസത്തിലെ ജി .എസ്.ടി നികുതി വരുമാനത്തിലുണ്ടായ വർദ്ധനവിന് ജോയിന്റ് കമ്മീഷണർ വ്യാപാരി പ്രതിനിധികളോട് നന്ദി അറിയിച്ചു. റിട്ടേണുകളെല്ലാം കൃത്യമായി ഫയൽ ചെയ്യാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ജോയിന്റ് കമ്മീഷണർ അഭ്യർത്ഥിച്ചു . യോഗത്തിൽ പ്രതിനിധികൾ ചർച്ച ചെയ്തതും ഉന്നയിച്ചതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

കഴിഞ്ഞ മാസത്തിൽ ജി.എസ്.ടി യിലുണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഇക്കഴിഞ്ഞ മാസം ജി.എസ്.ടിയിലുണ്ടായിട്ടുള്ള മാറ്റങ്ങളുമായി ബന്ധപ്പെട്ട് 66/2020 മുതൽ 72/2020 വരെയുള്ള നോട്ടിഫിക്കേഷനുകളാണ് Central Tax/State Tax ൽ ഉണ്ടായിട്ടുള്ളത്. ഇവ ഓരോന്നായി നമുക്ക് പരിശോധിക്കാം.

**I) നോട്ടിഫിക്കേഷൻ നം.66/2020 തീയതി 21.09.2020**

GST Act Section 31(7) പ്രകാരം Approval/Return basis ൽ സപ്ലൈ നടത്തുന്ന കേസുകളിൽ സപ്ലൈ നടക്കുന്നതിനു മുൻപ് ചരക്ക് കൊണ്ട് പോയാൽ ആയതിന്റെ ഇൻവോയ്സ്, ഇഷ്യൂ ചെയ്യേണ്ടത് സപ്ലൈ നടക്കുന്ന സമയത്തോ, അതിന് മുൻപേ, സാധനം കൊണ്ടുപോയി ആറുമാസം തികയുന്ന തീയതി എന്നിവയിലേതാണ് ആദ്യം വരുന്നത് അതായിരിക്കും. ഇന്നത്തെ സാഹചര്യത്തില്, ഈ തീയതി 20.03.2020, 30.10.2020 എന്നിവയ്ക്കിടയിൽ വന്നിട്ടുള്ളതാണെങ്കില്, ആയത് 31.10.2020 വരെ ഈ നോട്ടിഫിക്കേഷൻ പ്രകാരം നീട്ടി നൽകിയിട്ടുണ്ട്. (അതായത് സാധനം കൊണ്ട് പോയി ആയതിന്റെ ക്വാളിറ്റി പരിശോധിച്ചശേഷം വില നിശ്ചയിക്കുകയോ ക്വാളിറ്റി ഇല്ലെങ്കിൽ റിജക്റ്റ് ചെയ്യുകയോ ചെയ്യുന്ന കേസുകളിലാണ് ഇത് ബാധകമാകുക).

**2. നോട്ടിഫിക്കേഷൻ നം.67/2020 തീയതി 21.09.2020**

ജി.എസ്.ടി യിൽ 07/2017 മുതൽ 03/2020 വരെയുള്ള കാലയളവിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ആളുകളിൽ കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യാത്തവർക്ക് നാമമാത്രമായ ലേറ്റ് ഫീ അടച്ചുകൊണ്ട് റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള അവസരം നേരത്തെ നൽകിയിരുന്നുവെങ്കിലും ഈ അവസരം കോമ്പോസിഷൻ സ്കീം ഓപ്റ്റ്ചെയ്ത നികുതി ദായകന് ലഭിച്ചിരിന്നില്ല.

ഈ നോട്ടിഫിക്കേഷൻ പ്രകാരം റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള കോമ്പോസിഷൻ ടാക്സ് പെയേഴ്സിന് നികുതി ബാധ്യത ഉള്ള മാസങ്ങളിൽ 500/- രൂപ ലേറ്റ് ഫീ അടച്ചും, നികുതി ബാധ്യയില്ലാത്ത മാസങ്ങളിൽ ലേറ്റ് ഫീ കൂടാതെയും 31.10.2020 വരെ റിട്ടേൺ ഫയൽ ചെയ്ത് upto date ആക്കി മാറ്റാവുന്നതാണ്.

**3. നോട്ടിഫിക്കേഷൻ നം.68/2020 തീയതി 21.09.2020**

ജി.എസ്.ടി നിലവിൽ വന്ന ശേഷം രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തവരിൽ GSTR-10 ലുള്ള Final return due date കഴിഞ്ഞിട്ടും (3 മാസം) ഫയൽ ചെയ്തിട്ടില്ലാത്തവർക്ക് പരമാവധി 500/- രൂപ ലേറ്റ് ഫീ മാത്രമടച്ച് ആയത് ഫയൽ ചെയ്യുന്നിനുള്ള സൗകര്യം 31.10.2020 വരെ ഈ നോട്ടിഫിക്കേഷൻ വഴി നൽകിയിരിക്കുന്നു.

**4. നോട്ടിഫിക്കേഷൻ നം.69/2020**

2018-19 ലെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള അവസാന തീയതി ഈ നോട്ടിഫിക്കേഷൻ പ്രകാരം 30.10.2020 ആയി ദീർഘിപ്പിച്ചു. ഇത് വീണ്ടും 31.12.2020 ലേക്ക് മാറ്റുവാൻ തീരുമാനമായിട്ടുണ്ട്. നോട്ടിഫിക്കേഷൻ വന്നിട്ടില്ല.

**5.നോട്ടിഫിക്കേഷൻ 70/2020/30.9.2020**

100 കോടിയ്ക്ക് മുകളിൽ turnover ഉള്ളവർ e- invoice issue ചെയ്യണമെന്ന്നോട്ടിഫിക്കേഷൻ 70/2019-ൽ നിഷ്കർഷിച്ചിരുന്നു. ഇത് പ്രകാരം "ഒരു വർഷത്തെ turnover" എന്നത് ആശയക്കുഴപ്പം സൃഷ്ടിച്ചിരുന്നതിനാൽ ആയതിന് വ്യക്തത വരുത്തുന്നതിനായി ഇതിനെ "2017-18 മുതലുള്ള ഏതെങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ 100 കോടിയ്ക്ക് മുകളിൽ turnover വന്നിട്ടുള്ളവർ" എന്നാക്കിമാറ്റിയിട്ടുണ്ട് (ഈ നോട്ടിഫിക്കേഷൻ വഴി).

കൂടാതെ e- invoice issue ചെയ്യേണ്ടവരിൽ "supply of goods or services or both to a regenerated person” എന്നതിനോടൊപ്പം "or export” എന്ന് കൂട്ടിചേർത്തു. അതായത് exporter മാരെ കൂടി ഈ പരിധിയിൽ കൊണ്ടുവന്നു.

**6.<u>നോട്ടിഫിക്കേഷൻ 71/2020/30.9.2020</u>**

ഒരു സാമ്പത്തിക വർഷത്തിൽ 500 കോടിയ്ക്ക് മുകളിൽ turnover ഉള്ളവർ QR code invoice -ൽ പതിപ്പിച്ചിരിക്കണമെന്ന് അനുശാസിച്ചിരുന്നു. ഇതും confusion ഉണ്ടാക്കിയിരുന്നു. ആയതിനാൽ ഇതിനേയും "2017-18 മുതലുള്ള ഏതെങ്കിലും ഒരു സാമ്പത്തിക വർത്തിൽ 500 കോടിയ്ക്ക് മുകളിൽ turnover ഉള്ളവർ" എന്നാക്കി ഈ നോട്ടിഫിക്കഷൻ വഴി amend ചെയ്തു.

**7.<u>നോട്ടിഫിക്കേഷൻ 72/2020/30.9.2020</u>**

ഈ നോട്ടിഫിക്കേഷൻ 2020 വർഷത്തെ 11-ാമത്തെ റൂൾ അമന്റ്മെന്റ് ആണ് . ഇതിൽ മൂന്ന് റൂളുകളിലാണ് മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത്.

**ഒന്നാമത്തെ മാറ്റം Rule 46 ലാണ്.**

ഇവിടെ Rule 46 ലെ clause (q)ന് താഴെയായി (r) എന്ന clause കൂടി ചേർക്കപ്പെട്ടു. ഇത് പ്രകാരം QR code പതിപ്പിച്ച invoice issue ചെയ്യുന്നതിന് ബാദ്ധ്യതയുള്ളവർ, Invoice Reference Number (IRN) പതിപ്പിച്ച QR code –ൽ ഉള്ള invoice ആയിരിക്കണം issue ചെയ്യേണ്ടത്.

രണ്ടാമതായി Rule 48 ലെ sub Rule (4) ൽ താഴെ പറയുന്നതരത്തിലുള്ള proviso കൂട്ടിച്ചേർത്തു.

“ GST കൗൺസിലിന്റെ ശുപാർശ പ്രകാരം കമ്മീഷണർക്ക്, ഒരു നോട്ടിഫിക്കേഷൻ വഴി ഈ sub Rule പ്രകാരം invoice issue ചെയ്യുന്നതിൽ നിന്നും ഒരു പ്രത്യേകകാലഘട്ടത്തേക്ക് ഒരു taxable person നെയോ, ഒരു വിഭാഗത്തിൽപ്പെടുന്ന നികുതി ദായകരെയോ ചില നിബന്ധനകൾക്ക് വിധേയമാക്കിക്കൊണ്ട് ഒഴിവാക്കാവുന്നതാണ്".

**മൂന്നാമത്തെ മാറ്റം ഉണ്ടായിട്ടുള്ള**ത് Rule 138 A യിലാണ്.

ഈ Rule ൽ sub rule (2) ഒഴിവാക്കി, പകരം താഴെ പറയുന്നത് ഉൾപ്പെടുത്തി.

“Rule 48(4) പ്രകാരം, Invoice Reference Number (IRN) പതിപ്പിച്ച QR – code ഉൾപ്പെട്ട invoice electronic ആയി issue ചെയ്യുമ്പോൾ, ഏതെങ്കിലും ഓഫീസർ ഇൻവോയിസ് വെരിഫിക്കേഷൻ ആവശ്യപ്പെട്ടാൽ ആയത് electronic ആയി സമർപ്പിച്ചാൽ മതിയാകും. അതായത് physical copy ആവശ്യമില്ല"

**<u>42–ാം ജി എസ് ടി കൗൺസിലിലെ ചില തീരുമാനങ്ങൾ:–</u>**

1) 2021 ജനുവരി മാസം മുതൽ 5 കോടിയിൽ താഴെ ടേണോവർ ഉള്ള small tax payers ന് GSTR–1, GSTR – 3B എന്നിവ quarterly (ത്രൈമാസികം) ആയി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതായിരിക്കും. ഇത്തരത്തിൽ ഫയൽ ചെയ്യുന്നവർ കഴിഞ്ഞ quarter ലെ output tax due ന്റെ 35% ആദ്യ രണ്ട് മാസങ്ങളിൽ അടയ്ക്കുകയും , മൂന്നാമത്തെ മാസത്തെ പേയ്മെന്റിൽ വ്യത്യാസമുണ്ടെങ്കിൽ കുറച്ച് ചെയ്ത് തുക അടയ്ക്കാവുന്നതുമാണ്.

2) 5 കോടിയിലധികം ടേണോവർ ഉള്ളവർക്ക് 6 അക്ക HSN – code ഉം 5 കോടിയിൽ താഴെയുള്ളവർക്ക് 4 അക്ക HSN – code ഉം നിർബന്ധമാക്കുന്നതാണ്. അത് പോലെ ചില notified commodities ന് 8 അക്ക HSN – code ഉം നിർബന്ധമാക്കുന്നതാണ്.

3) 2021 ജനുവരി 1 ന് ശേഷം Refund Application – നുകൾ Adhar OTP authentication വഴി sign ചെയ്യണം. Adhar validate ചെയ്ത Bank Account ലേക്ക് മാത്രമേ Refund ലഭിക്കുകയുള്ളൂ.

4) Satellite Launching Service– ന്റെ 18% എന്ന നികുതി നിരക്ക് ഒഴിവാക്കി ആയതിന്റെ exempted rate –ലേക്ക് കൊണ്ട് വരുവാൻ തീരുമാനമായി.

മറ്റ് ചോദ്യങ്ങൾ ഒന്നും തന്നെ കഴിഞ്ഞ മീറ്റിംഗിൽ ഉന്നയിക്കപ്പെട്ടിട്ടില്ല . VAT കാലഘട്ടത്തിലെ security (NSC etc) release ചെയ്യുന്നതും, ജി എസ് ടിയിലെ നോട്ടീസുകളെ സംബന്ധിക്കുന്നതായി ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ആഗസ്റ്റിലെയും , സെപ്റ്റംബറിലെയും മിനിറ്റ്സ് പരിശോധിച്ചാൽ ലഭ്യമാണ്.

ഒപ്പ്/–

**സംസ്ഥാന നികുതി ജോയിന്റ് കമ്മീഷണർ**

**പകർപ്പ്:**

കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ശ്രീ. ടോംസ് ജോൺ ,സൂപ്രണ്ട്, സി.ജി.എസ്.റ്റി.
ശ്രീ. ബി.മനു, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ തിരുവനന്തപുരം.
ശ്രീ. വി, ശൈലേന്ദ്രൻ അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), തിരുവനന്തപുരം
ശ്രീ.എസ്.ഷൈൻ, അസിസ്റ്റന്റ് കമ്മീഷണർ, തിരുവനന്തപുരം
ശ്രീമതി ലെന .എസ്, അസിസ്റ്റന്റ് കമ്മീഷണർ, നെയ്യാറ്റിൻകര.
ശ്രീ. എസ്.സാബു കുമാർ, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ
ശ്രീ.സജിത്.പി.എസ്, അസിസ്റ്റന്റ് കമ്മീഷണർ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.

| | |
|---|---|
| ശ്രീ.വൈ വിജയൻ | – കെ.വി.വി.ഇ.എസ് |
| ശ്രീ.സദാനന്ദൻ | – ജനറൽമർച്ചൻറ്സ് |
| ശ്രീ പാപ്പനംകോട് രാജപ്പൻ | – കെ.യു.വി.എ.എസ് |
| ശ്രീ. വർഗ്ഗീസ് വി.കെ | – സെക്രട്ടറി– കെ.എസ്.എസ്. ഐ |
| ശ്രീ.മധുസുധനൻ നായർ. ബി. | – എ.കെ.ടി.ഐ |
| ശ്രീ. പരമേശ്വർ. ജെ.ഡി. | |
| ശ്രീ.കൃഷ്ണകുമാർ | – എ.കെ.ഡി.എ |
| ശ്രീ അജിത് .കെ മാർത്താണ്ഡം | – എ.കെ.ഐ.റ്റി ആൻറ് എസ്.റ്റി.പി.എ |
| ശ്രീ. പനങ്ങോട്ടുകോണം വിജയൻ | – വി.വി കോൺഗ്രസ്സ് |
| ശ്രീ വിജയൻ ആശാരി .എസ് | – കെ.റ്റി.പി.എ |
| ശ്രീ ഗണേഷ്.എച്ച് | – കെ.ഇ.റ്റി.എ |
| ശ്രീ. രാമകൃഷ്ണൻ ടി.എസ് | – ടി.സി.സി.ഐ |
| ശ്രീ. രോഹിത് കുമാർ | – എ.കെ.റ്റി.ഐ.എസ്.ഡി.എ |
| ശ്രീ മഹേഷ് തയ്യർ | – എ.കെ.ഐ.റ്റി ആൻറ് എസ്.റ്റി.പി.എ |
| ശ്രീ. അശോക്.വി | – വി.വി കോൺഗ്രസ്സ് |
| ശ്രീ. വിനോദ് പി. | – എ.കെ.ടി.ഐ |
| ശ്രീ. മധു | – കെ.എസ്. എസ്.ഐ.എ. |
| ശ്രീ. വി.അശോക് | – വി.വി കോൺഗ്രസ്സ് |
| ശ്രീ.വി.വിജയൻ ആചാരി | – കെ.റ്റി.പി.എ |
| ശ്രീ എം.ശശിധരൻ നായർ | |
| ശ്രീ. കെ.ജെ.സെബാസ്റ്റ്യൻ | – കെ.സി.ഡി.എ |
| ശ്രീ.സിതാരാമ | – എ.കെ.ജി.എസ്.എം |

| | | |
|---|---|---|
| ശ്രീ. പി.ഗണേഷ് | – | കെ.ഇ.ടി.എ |
| ശ്രീ. സജി മാത്യു | – | സി.ഐ.എ |
| ശ്രീ. ഷിബു ജെയിംസ് | – | ആർ.ഡി.എ, |
| ശ്രീ.ജോസ് സക്കറിയ | – | കെ.സി.സി.ഐ.എസ്.ആർ |
| ശ്രീ.സായ് പ്രശാന്ത് | | |